# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6279** | **03.04.2018-ൽ മറുപടിയ്ക്ക്**

## ആദിവാസി നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസി നയം പ്രഖ്യാപിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | എ) | സംസ്ഥാനത്ത് സമഗ്രമായ ഒരു പട്ടികവർഗ്ഗ വികസന നയം രൂപീകരിച്ചിട്ടില്ല. എന്നാൽ ഭരണഘടന അനുശാസിക്കുന്ന പട്ടികവർക്കാർക്കുള്ള അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ട് തന്നെയാണ് സംസ്ഥാനം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തിൽ കൂടുതലായി സംസ്ഥാന പദ്ധതി വിഹിതം ഇവർക്കായി വകയിരുത്തുന്നുണ്ട്. ആകെ ജനസംഖ്യയുടെ 1.45 ശതമാനമാണ് പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയെങ്കിലും ആകെ പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനം ഇവർക്കായി വകയിരുത്തിയിട്ടു്. വികസന സൂചികകളിൽ മുഖ്യധാരാ സമൂഹവും പട്ടികവർഗ്ഗക്കാരും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം പൊതു സമൂഹത്തിനോടൊപ്പം കൊണ്ടുവരുന്നതിന് സംസ്ഥാനങ്ങൾ നയം രൂപീകരിക്കണമെന്നാണ് കേന്ദ്ര നയം അനുശാസിക്കുന്നത്. ഇതനുസരിച്ചാണ് സംസ്ഥാനം പദ്ധതി രൂപീകരണവും നിർവ്വഹണവും നടത്തുന്നത്.<br><br>പൊതുസമൂഹവും പട്ടികവർഗ്ഗ സമൂഹവും തമ്മിലുള്ള അന്തരം വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2008 ൽ പട്ടികവർഗ്ഗക്കാരുടെ സമൂഹ്യ സാമ്പത്തിക സർവ്വെ നടത്തുകയും ഇതിൽ കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, ഭൂമി, |

| | | | |
|---|---|---|---|
| | | | തൊഴിൽ, നൈപുണ്യവികസനം, അടിസ്ഥാന സൗകര്യ വികസനം, നിയമ സംരക്ഷണം എന്നീ മേഖലകളിൽ ഒട്ടനവധി പുതിയ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഏറ്റവും പിന്നോക്കം നിൽക്കുന്ന ട്രൈബൽ സങ്കേതങ്ങളെ (ട്രൈബൽ പോക്കറ്റ്സ്) തെരഞ്ഞെടുത്ത് 2013-14 മുതൽ ഹാംലെറ്റ് വികസന പദ്ധതി കൂടാതെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 1 ശതമാനം തുക വകയിരുത്തി 2014-15 മുതൽ അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതി, 2017-18 മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ ഇടപെടലുകൾ മൂലം ഈ സമൂഹത്തിനുണ്ടായ പുരോഗതി വിലയിരുത്തുന്നതിനായി സോഷ്യോ ഇക്കണോമിക് സർവ്വെ നടത്തുന്നതിനുള്ള നടപടികൾ 2018 ൽ ആരംഭിക്കുന്നുണ്ട്.<br><br>ഈ സർവ്വെയിൽ കണ്ടെത്തുന്ന വികസന വിടവുകൾക്കനുസൃതമായി പട്ടികവർഗ്ഗക്കാരുടെ തനതായ സംസ്കാരത്തിന് കോട്ടം തട്ടാതെ അവരുടെ സർവ്വതോന്മുഖമായ വികസനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ നയ സമീപനം രൂപീകരിക്കേണ്ടതുണ്ട്. നയ രൂപീകരണത്തിൽ താഴെപ്പറയുന്ന സൂചകങ്ങൾ മാർഗ്ഗദർശിയായി കാണേണ്ടതുണ്ട്.<br><br>• തദ്ദേശീയ ജനതയുടെ അറിവിനും സംസ്കാരത്തിലും ഊന്നിയ വികസനത്തിന് മുൻതൂക്കം<br>• ഭൂമിയിലും വനത്തിന്മേലുമുള്ള അവരുടെ അവകാശം സംരക്ഷിക്കപ്പെടുക.<br>• സാമൂഹികവും സാംസ്കാരികവുമായ സ്വത്വത്തിന് കോട്ടം തട്ടാതെയുള്ള വികസനം.<br>• പട്ടികവർഗ്ഗ വികസനത്തിന്റെ സൂചിക അവരുടെ ജീവിത നിലവാരത്തെ ആശ്രയിച്ചിരിക്കണം.<br><br>"പട്ടികവർഗ്ഗ സമൂഹത്തിന്റെ സർവ്വവിധ സാംസ്കാരിക സ്വത്വങ്ങളും സംരക്ഷിച്ചു കൊണ്ട് വൈദഗ്ധ്യമാർന്ന പദ്ധതി ആസൂത്രണവും ശാക്തീകരണ പരിപാടികളും സമന്വയിപ്പിച്ച്, വിദ്യാഭ്യാസ-സാങ്കേതിക-ആരോഗ്യ-സാമ്പത്തിക രംഗത്ത് മുഖ്യ ധാരാ സമൂഹത്തിനോടൊപ്പം ഇണക്കി |

| | | | |
|---|---|---|---|
| | | | ച്ചേർക്കുക" എന്നതാണ് പട്ടികവർഗ്ഗ വികസനത്തിൽ വകുപ്പ് ലക്ഷ്യമിടുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് നേരെ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ആക്രമണങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അട്ടപ്പാടി മേഖലയിൽ 22-2-2018 ന് കടുകുമണ്ണയിൽ താമസിക്കുന്ന ശ്രീ. മധു S/o മല്ലൻ എന്ന പട്ടികവർഗ്ഗ കുറുമ്പ വിഭാഗത്തിൽപ്പെട്ട യുവാവിനെ മുക്കാലിയിലുള്ള ഒരു സംഘം ആളുകൾ, മോഷണം നടത്തി എന്ന കാരണം പറഞ്ഞ് മർദ്ദിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തിരുന്നു. ടി കേസ്സിൽ ഉൾപ്പെട്ട 16 പ്രതികളെയും അറസ്റ്റ് ചെയ്യുകയും പ്രതികൾക്കെതിരെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരവും. ഐ.ടി. നിയമ പ്രകാരവും, വന നിയമ പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| സി) | പട്ടിക വിഭാഗങ്ങളുടെ നേരെ നടക്കുന്ന ചൂഷണം തടയാൻ ശക്തമായ നടപടി സ്വീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | സി) | പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവരും പലപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും അടിമപ്പെടാറുണ്ട്. ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്. 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം ആദിവാസികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽസർവ്വീസ് |

| | | | |
|---|---|---|---|
| | | | സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടേയും പൊതു പ്രവർത്തകരുടേയും സഹകരണത്തോടുകൂടിയും നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിത കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്ത് വരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നു. 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നു. 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്,<br><br>പാലക്കാട്, കാസർകോട് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിനു മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. |
| ഡി) | കഴിഞ്ഞ സർക്കാർ ആദിവാസികൾക്ക് വീട് നിർമ്മിയ്ക്കാൻ പദ്ധതി നടപ്പാക്കിയത്, ഈ സർക്കാരിന് പൂർത്തീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ? | ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗക്കാർക്കായി വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചതിൽ spill over ആയ 17605 വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം 12,277 വീടുകൾ പൂർത്തീകരിക്കുകയും, ആയതിൽ 6823 വീടുകൾ വകുപ്പു മുഖേനയും 5454 ലൈഫ് മിഷൻ പദ്ധതിയിൽ ഉറ്റപ്പെടുത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നു.<br><br>കൂടാതെ വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചതും 31-3-2016 നകം പൂർത്തീകരിക്കാത്തതുമായ മുഴുവൻ വീടുകളും സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് വീടുകൾ പൂർത്തീകരിച്ചു വരുന്നു.<br><br>2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 6709 വീടകളിൽ 31 വീടുകൾ വകുപ്പു മുഖേന പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ